## പുനലൂർ ഫോറസ്റ്റ് ഡിവിഷൻ

## തൊണ്ടി ലേലപ്പരസ്യം

**നംപർ. പിസി3.-5042/2011** **തീയതി.** 26-12-2013

പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട പത്തനാപുരം, അഞ്ചൽ എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ വനനിയമ കേസ്സുകളിലെ തൊണ്ടി സാധനങ്ങൾ താഴെ പട്ടികയിൽ അതാതു റെയിഞ്ചിനു നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 3 മണിയ്ക്ക് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തു വച്ച് 11.12.2012 പ്രൊ(5)-26274/12 നമ്പരായി 25.12.2012 ലെ കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും. ലേലദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതായിരിയ്ക്കും നിശ്ചിത ലേലതീയതിയ്ക്ക് 7 ദിവസം മുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേലവസ്തുക്കളുടെ ഇനം, അളവ് മുതലായ ലോട്ടു തിരിച്ചുള്ള പട്ടിക അതാത് റെയിഞ്ച് ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലോട്ടു തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽ പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനു ശേഷം ഇതു സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി തേക്ക്, ഈട്ടി എന്നിവയ്ക്ക് 10000/- രൂപയും മറ്റു തടികൾക്ക് 5000/- രൂപയും മറ്റു വനവിഭവങ്ങൾക്ക് 1000/- രൂപയും നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതും ലേലം കൊണ്ടയാൾ ലേലം കഴിഞ്ഞാലുടൻ തന്നെ ലേലത്തുകയുടെ അഞ്ചിൽ ഒന്ന് നിരതദ്രവ്യം ഉൾപ്പെടെ ഒടുക്കേണ്ടതാണ്. ലേലത്തുക 10000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലത്തുക 10000/- രൂപയിൽ കവിയുകയാണെങ്കിൽ 10000/- രൂപയോ ലേലത്തുകയുടെ അഞ്ചിൽ ഒന്ന് ഭാഗമോ ഏതാണ് കൂടുതലെങ്കിൽ ആയത് ലേലം കഴിഞ്ഞാലുടനെ അടയ്ക്കേണ്ടതുമാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം തുകയും നികുതികളും ലേലദിവസം അടയ്ക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 60 (അറുപത്) ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തം സംഖ്യയ്ക്ക് 1998 ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക ഈ കാലാവധിയ്ക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും ടി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ

വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും. അപ്രകാരം വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ, അപ്രകാരമുള്ള നഷ്ടം പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിനു ശേഷം കാലാവസ്ഥ കാരണമോ, അഗ്നി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾ മൂലമോ, തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാവുന്ന നഷ്ടത്തിനോ, അളവ് വ്യത്യാസത്തിനോ ഡിപ്പാർട്ടുമെന്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

ലേലവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്ന പക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിയ്ക്കും. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ചുകളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

| പട്ടിക | | | |
|---|---|---|---|
| ക്രമ നമ്പർ | ലേലസ്ഥലം | ലേലതീയതികൾ | |
| 1 | റെയിഞ്ച് ഓഫീസ് കോമ്പൗണ്ട്, അഞ്ചൽ | 10-2-2014<br>8-4-2014<br>18-6-2014<br>11-8-2014<br>6-10-2014<br>1-12-2014 | 10-3-2014<br>6-5-2014<br>3-7-2014<br>5-9-2014<br>10-11-2014 |
| 2 | റെയിഞ്ച് ഓഫീസ് കോമ്പൗണ്ട്, പത്തനാപുരം | 19-2-2014<br>22-4-2014<br>23-6-2014<br>19-8-2014<br>14-10-2014<br>08-12-2014 | 24-03-2014<br>15-5-2014<br>9-7-2014<br>11-9-2014<br>12-11-2014 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പുനലൂർ